**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5791** **16-03-2023-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത് ലാബുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഡി. കെ. മുരളി

ശ്രീ. ഡി. കെ. മുരളി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർക്കാർ നിയന്ത്രണത്തിലുള്ള എത്ര കാത് ലാബുകളുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിൽ **2** ഉം ന്യൂറോളജി വിഭാഗത്തിൽ **1** ഉം റേഡിയോളജി വിഭാഗത്തിൽ **1** ഉം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ **1** കാത്ത് ലാബും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ **5** കാത്ത് ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിലെ കാത്ത് ലാബുകളിൽ ഒരെണ്ണം **KHRWS** ഉം രണ്ടാമത്തേത് **HDS –** മാണ് നടത്തുന്നത്.

**(ബി)** പ്രസ്തുത കാത് ലാബുകളിൽ പൊതുജനങ്ങൾക്കുള്ള ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നീ പരിശോധനകൾക്ക് ഓരോന്നിനും ഈടാക്കുന്ന തുക എത്രയാണെന്ന് ലാബ് തിരിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ നിയന്ത്രണത്തിലുള്ള കാത്ത് ലാബുകളിലെ ചികിത്സ പൂർണമായും സൗജന്യമാണ്.

എച്ച്.ഡി.എസ്. മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കാത്ത് ലാബ് II ൽ ആൻജിയോഗ്രാം പരിശോധനയ്ക്കും ആൻജിയോപ്ലാസ്റ്റി ചികിത്സയ്ക്കും പരമാവധി ഈടാക്കുന്ന ഫീസ് നിരക്കുകൾ താഴെ പറയുന്ന പ്രകാരമാണ്.

- ആൻജിയോഗ്രാം – 5000/- രൂപ
- ആൻജിയോപ്ലാസ്റ്റി (1 സ്റ്റെന്റ്) – 72,200/- രൂപ
- ആൻജിയോപ്ലാസ്റ്റി (2 സ്റ്റെന്റ്)–1,03,800/- രൂപ
- ആൻജിയോപ്ലാസ്റ്റി (3സ്റ്റെന്റ്)–1,35,400/- രൂപ

| | HDS Cath lab | KHRWS Cath Lab |
|---|---|---|
| ആൻജിയോഗ്രാം ചാർജ്ജുകൾ | 5,000/- | 5,000/- |
| ആൻജിയോപ്ലാസ്റ്റി ചാർജ്ജുകൾ | 11,000/- (10,000+1000) | 11,000/- (10,000+1000) |

**(സി)** കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റിയുടെയും (KHRWS) ഹെൽത്ത് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും (HDS) ലാബുകളിൽ ഒരേ പരിശോധനയ്ക്ക് വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** എച്ച്.ഡി.എസ്. ലാബ് ഈടാക്കുന്ന പരിശോധനാ ഫീസ് സംബന്ധിച്ച് കാർഡിയോളജി വകുപ്പ് മേധാവിയും ആശുപത്രി സൂപ്രണ്ടും അടങ്ങുന്ന വിദഗ്ധ സമിതി ശുപാർശ ചെയ്യുകയും എച്ച്.ഡി.എസ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതും ടി ഫീസ് നിരക്കുകൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ലാബ് ഫീസ് നിരക്കുകളുമായി വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതും ആകുന്നു.

**(ഡി)** കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രസ്തുത ലാബുകൾക്ക് സർക്കാർ മുഖാന്തിരം നൽകിയ ധനസഹായങ്ങളുടെ വിശദാംശം നൽകാമോ;

**<u>മറുപടി:</u>** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പീഡിയാട്രിക് **(SATH)** കാത്ത് ലാബിനായി **6** കോടി രൂപ അനുവദിച്ചു. നിലവിലെ സർക്കാരിന്റെ കാലത്ത് ന്യൂറോളജി കാത്ത് ലാബിനായി **5** കോടി രൂപ അനുവദിച്ചിട്ടുണ്ട്.

എച്ച്.ഡി.എസ്. മേൽനോട്ടത്തിലുള്ള കാത്ത് ലാബ് II ന്റെ പ്രവർത്തനത്തിനായി സർക്കാരിൽ നിന്നും ധനസഹായങ്ങൾ നൽകിയിട്ടില്ല. എന്നാൽ, സാധനസാമഗ്രികളും ഉപകരണങ്ങളും മറ്റും എച്ച്.ഡി.എസ് ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകുകയും ആവശ്യമായ ജീവനക്കാരെയും മറ്റും എച്ച്.ഡി.എസ് മുഖാന്തിരം നിയമിച്ച് നൽകുകയും ചെയ്തു പോരുന്നു.

**(ഇ)** പ്രസ്തുത ലാബുകൾ സർക്കാരിലേയ്ക്ക് വിഹിതം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** എച്ച്.ഡി.എസ് മേൽനോട്ടത്തിലുള്ള കാത്ത് ലാബ് II - ൽ നിന്നും സർക്കാരിലേക്ക് വിഹിതം നൽകിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**